"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന് 2025-26 സാമ്പത്തിക വർഷത്തിൽ 2025 ഫെബ്രുവരി മുതൽ 2026 മാർച്ച് വരെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി 2406-02-188-99-31 നോൺ പ്ലാൻ സാലറി ശീർഷകത്തിൽ അവസാന ഗഡു - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.12/2026/ENVT തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം: കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 07.2.26-ലെ KSBB/214/2024-TA(WS) നം. കത്ത്

**ഉത്തരവ്**

2025—26 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ ജീവനക്കാരുടെ ശമ്പളത്തിനായി വകയിരുത്തിയ തുകയിൽ നിന്ന് ഇതിനകം അനുവദിച്ച തുകയും ചെലവുകളും പരിഗണിക്കുമ്പോൾ, 2026 ഫെബ്രുവരി—മാർച്ച് മാസങ്ങളിലെ ശമ്പളച്ചെലവിനായി ആവശ്യമായ അധിക ധനാവശ്യകത നിറവേറ്റുന്നതിനായി Unspent balance ഉൾപ്പെടുത്തി അവസാന ഗഡുവായി 43,88,339 രൂപ (നാല്പത്തിമൂന്ന് ലക്ഷത്തി എൺപത്തിയെട്ടായിരത്തി മുന്നൂറ്റി മുപ്പത്തിയൊമ്പത് രൂപ മാത്രം) അടിയന്തിരമായി അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ ശമ്പളേതര ചെലവുകൾക്കായി 2406-02-185-99-31 (നോൺ സാലറി) നോൺ പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും അവസാന ഗഡുവായി 20 ലക്ഷം രൂപ (ഇരുപതു ലക്ഷം രൂപ മാത്രം) ചുവടെ ചേർക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിന് അനുമതി നൽകുന്നു:

1. പ്രസ്തുത തുക ട്രഷറി STSB അക്കൗണ്ടിൽ (non interest bearing ) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിയ്ക്കുവാൻ പാടില്ല.
2. 29/08/2009ലെ സർക്കുലർ നം.75/09/ധനത്തിലേയും 9/12/2008-ലെ സർക്കുലർ 84/08/ധനത്തിലെയും വ്യവസ്ഥകൾ കൃത്യമായി പാലിയ്ക്കേണ്ടതാണ്. Mo
3. അനുവദിച്ച തുകയുടെ വിശദമായചെലവ് പത്രികയും 09.01.2020 ലെ സ.ഉ.(കൈ)നം

4/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്."

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UNNIKUTTAN S S
അണ്ടർ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള
3. ധനകാര്യ വകുപ്പ് (3120903/PU-C2/75/2024-Fin dated 21.02.2026)
4. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ENVT-A1/40/2026-ENVT)

ഉത്തരവിൻ പ്രകാരം

Signed by
Roy J
സെക്ഷൻ ഓഫീസർ
Date: 02-03-2026 14:08:00